പയ്യന്നൂർ മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തികൾ

141 (6846) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, ഇറിഗേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) നബാർഡ് RIDF XX-ൽ പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ DPR വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു. പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

ചെറുകിട ജലസേചന മേഖലയിൽ മറ്റ് ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ

142 (6847) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന മേഖലയിൽ ചെറുകിട ജലസേചന വകുപ്പിനെ കൂടാതെ മറ്റ് ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കുമോ ;

(ബി) പ്രസ്തുത ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ ;

(സി) പ്രസ്തുത ഏജൻസികൾ 2011-12-ലും 2012-13-ലും 2013-14-ലും വിവിധ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് ഓരോ ജില്ലയിലും എന്തുതുക വീതം ചെലവഴിക്കുകയുണ്ടായി ;

(ഡി) പ്രസ്തുത ഏജൻസികൾ മുഖേന 2011-12-ലും 2012-13-ലും 2013-14-ലും കണ്ണൂർ ജില്ലയിൽ ഏറ്റെടുത്തതും നടപ്പിലാക്കിയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ചെറുകിട ജലസേചന മേഖലയിൽ ചെറുകിട ജലസേചന വകുപ്പിനെ കൂടാതെ മറ്റ് ഏജൻസികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(ബി-ഡി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly